For Private Circulation Only

April 2019

ആഗമനോത്സുകൻ

Vol.66

" നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു " (മത്താ.5:14)

No.4

ലോകത്തിന്റെ വെളിച്ചമായിരിപ്പാൻ അന്വേഷിക്ക

By J.C.Ryle

" രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു. അതു കൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചു കൊൾക " (റോമർ, 13:12).

അപ്പോസ്തലനായ പൗലൊസ് ഇതിനെ " രാത്രി " എന്ന് വിളിക്കുന്നു. "രാത്രി " അപ്പൊസ്തലൻ പറയുന്നു. കഴിവാറായി. പലർക്കും അത് അപരിചിതമാണ്. എന്നതിന് സംശയമില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ വർത്തമാനകാലത്തെ രാത്രിയെന്ന് വിളിക്കുന്നത് അവർക്ക് അത്ഭുതകരമാണ്. പഠിത്തത്തിന്റെയും ശാസ്ത്രത്തിന്റെയും സംസ്കാരങ്ങളുടെയും, വ്യാപാരങ്ങളുടെയും, സ്വാതന്ത്ര്യത്തിന്റെയും വിജ്ഞാനത്തിന്റെയും കാലത്താണ് അവർ ജീവിക്കുന്നത് എന്നിരുന്നാലും ദൈവവചനത്തിന്റെ വെളിച്ചത്തിൽ പറയാൻ കഴിയുന്നത് ഇത് ഒരു രാത്രിയുടെ കാലമാണ് എന്നാണ്. ഞാൻ വിശ്വസിക്കുന്നത്, ഭൂമി സൂര്യനെ ചുറ്റുന്നു എങ്കിലും രാത്രിയും പകലും മാറിമാറി വരുന്നു എങ്കിലും ദൈവം ഈ കാലഘട്ടത്തെ വിളിക്കുന്നത് രാത്രി എന്നാണ്. ദൂതന്മാർ പോകയും വരികയും ചെയ്യുന്നു. അപ്പോഴപ്പോഴുള്ള വിവരങ്ങൾ ദൈവത്തിന് കൈമാറുന്നു, അവർ കൈമാറുന്ന വിവരങ്ങളും പറയുന്നത് ഭൂമി വളരെ ഇരുട്ടിലാണ് എന്നാണ്. ഞാൻ വിശ്വസിക്കുന്നത് ഓരോ രാജ്യത്തും പാർക്കുന്ന സകല ക്രിസ്തീയ വിശ്വാസികളും ഒരുപോലെ പറയുന്നതും വ്യത്യസ്ത അഭിപ്രായമല്ല. ഈ ലോകത്തിന്റെ പ്രവൃത്തികളും അതാണ് വിളിച്ചറിയിക്കുന്നത്. ഈ ലോകത്തെ അവർ കാണുന്നത് വളരെ ഇരുളായിട്ടാണ്.

ലോകത്തിലെ മിക്കവാറും ആളുകൾ ദൈവത്തിനും ക്രിസ്തുവിനും എതിരാണ്. ഭൂമിയിലെ ഭൂരിപക്ഷം ആളുകൾക്കും ദൈവചനം വേണ്ട, അതിന്റെ പഠനം വേണ്ട, വിശ്വാസമില്ല, പ്രത്യാശയുമില്ല!

അനേക മുൻ നിര ക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുന്നവരും വിശ്വാസത്തെ സംബന്ധിച്ച് നിശബ്ദരാണ്. അവരുടെ മതം ആത്മികമല്ല. വേദപുസ്തകവുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് അവർ ആചരിക്കുന്നത്. വേദപുസ്തകം നിഷ്കർഷിക്കുന്ന പല കാര്യങ്ങളും അവർ തള്ളിക്കളയുന്നു. ദൈവവചനത്തെ സംബന്ധിച്ചു അവർക്കു അറിവില്ല, സുവിശേഷത്തിലെ പല കാര്യങ്ങളെക്കുറിച്ചും അവർക്കു അറിവില്ല, സുവിശേഷത്തിലെ പല കാര്യങ്ങളെക്കുറിച്ചും അവർക്ക് ഒരു ആശയവുമില്ല. നിശ്ചയമായും ഇത് ഒരു രാത്രിയാണ്.

ഇരുട്ടിന്റെ പ്രവർത്തികളെ വെച്ചുകളയുക

പ്രായോഗികമായ ചുമതലകൾ ദൈവവചനം വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. " ഇരുട്ടിന്റെ പ്രവർത്തികളെ വച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. എങ്ങനെ ഇരുട്ടിന്റെ പ്രവർത്തികളെ വെച്ചുകളയാൻ കഴിയും? ദൈവത്തിന് ഇഷ്ടമില്ലാത്ത കാര്യങ്ങളെ ജീവിതത്തിൽ നിന്നും ഉപേക്ഷിക്കണം. മനസാക്ഷിക്ക് നിരക്കുന്നത് ചെയ്യണം. കർത്താവിനിഷ്ടമില്ലാത്തതിനെ വിട്ടുകളയണം. കർത്താവിന്റെ നാളിൽ നാം ലജ്ജിച്ചു പോകാതിരിപ്പാൻ നാം നമ്മെത്തന്നെ പരിശോധിച്ചു ക്രമപ്പെടുത്തേണ്ടതാണ്.

ക്രിസ്തുവിന്റെ വെളിച്ചം ജീവിതത്തിന്റെ പ്രകാശമാക്കുവാൻ ഓരോ വായനക്കാരനും ശ്രദ്ധിക്കേണ്ടാതാണ്. നമ്മുടെ വർഷങ്ങളെ മാസങ്ങളെ, ആഴ്ചകളെ, ദിവസങ്ങളെ മണിക്കൂറുകളെ അപ്രകാരം ഒരുക്കേണ്ടതാണ്. എന്തെങ്കിലും ഇരുട്ടിന്റെ പ്രവർത്തികളുണ്ടെങ്കിൽ അതിനെ കണ്ടുപിടിച്ചു പുറത്താക്കേണ്ടതാണ്! ചോദ്യം ചെയ്യപ്പെടാത്ത വിശുദ്ധ ജീവിതം നയിക്കണം. ദൈവത്തിനിഷ്ടമില്ലാത്ത കാര്യങ്ങളുമായി യാതൊരു അനുരഞ്ജനവും പാടില്ല. ചെറുതും വലുതുമായ വിഗ്രഹങ്ങളെ അകന്നിരിരക്കുക. ക്രിസ്തുവിൽ വിലപ്പോകാത്ത എല്ലാറ്റിനെയും അകറ്റുക. കർത്താവു വരുമ്പോൾ നാം ലജ്ജിച്ചു പോകാതിരിപ്പാൻ ശ്രദ്ധിക്ക.

പ്രിയ വായനക്കാരാ, കർത്താവിന്റെ വരവിനായി നിന്നെത്തന്നെ ഒരുക്കിക്കൊണ്ട് നിന്റെ സമയത്തെ തക്കത്തിൽ ഉപയോഗിക്ക. നിന്റെ സന്തോഷങ്ങൾ, നിന്റെ പുസ്തകങ്ങൾ, നിന്റെ കൂട്ടുകാർ, നിന്റെ സംസാരങ്ങൾ, നിന്റെ അനുദിന ജീവിതത്തിന്റെ പെരുമാറ്റങ്ങൾ ദൈവഹിതത്തിന് ഒത്തതായിരിക്കട്ടെ. നിന്റെ അളവുകോൽ, രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു എന്നതിൻപ്രകാരമായിരിക്കട്ടെ. ഞാൻ ജീവിക്കുന്നത്. ഇരുട്ടിന്റെ പുത്രനായിട്ടാണോ അതോ ഒരു പകലിനെ നോക്കിയാണോ? അങ്ങനെ ആയാൽ നിങ്ങൾ ഇരുട്ടിന്റെ പ്രവർത്തികളെ വച്ചുകളയും.

വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക.

വെളിച്ചത്തിന്റെ ആയുധവർഗ്ഗം എങ്ങനെ ധരിപ്പാൻ കഴിയും? നിങ്ങളുടെ ലക്ഷ്യം നിങ്ങളിലുള്ള കൃപയ്ക്കും ദിവ്യസ്വഭാവത്തിനും ഒത്തവണ്ണം ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു ദൈവപൈതലായി ദൈവരാജ്യത്തിന് ഒത്തവണ്ണവും ആയിരിക്കണം.

ദൈവത്തിന്റെ വെളിച്ചം തുടർച്ചയായി നിങ്ങളിൽ പ്രകാശിക്കട്ടെ. ക്രിസ്തു നിങ്ങളിൽ വസിക്കട്ടെ. ആ സാന്നിദ്ധ്യം അറിവ് അനുഭവം നിങ്ങളുടെ ജീവിതത്തിലൂണ്ടായിരിക്കട്ടെ.

ആ വെളിച്ചം തുടർച്ചയായി നിങ്ങളിലുണ്ടായിരിക്കട്ടെ. ക്രിസ്തു അവിടെ പ്രകാശിച്ചു,

(ശേഷം 7-ാംപേജിൽ)

പിശാചും സഭയും

By E.M.Bounds (1835 - 1913)

“ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അ തിനെ ജയിക്കയില്ല” (മത്താ. 16:18). സാത്താന്റെ സകല തന്ത്രങ്ങളോടും ആക്രമണങ്ങളോടും ഈ വാഗ്ദത്തം എ തിർത്തു നിൽക്കുന്നു. ഈ വാഗ്ദത്തം ശക്തമായിരിക്കുമ്പോൾ തന്നെ ലക്ഷ്യത്തെ തെറ്റിക്കുവാനും ആത്യന്തിക വിജയത്തിലെത്താതിരിക്കുവാനുമുള്ള തന്ത്രങ്ങൾ അവൻ മെനഞ്ഞു കൊണ്ടേയിരിക്കുന്നു.

സാത്താൻ ബുദ്ധിശാലിയാണ്. അവൻ എപ്പോഴും തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടേയിരിക്കുന്നു. അവന്റെ ഏറ്റവും വലിയ തന്ത്രം സഭയുടെ നിയന്ത്രണം ഏറ്റെടുക്കുക എന്നതാണ്. അതിന്റെ സംവിധാനങ്ങളെ തകർക്കുക എന്നതല്ല, പ്രത്യുതാ അതിന്റെ ദിവ്യമായ ലക്ഷ്യത്തെ തെറ്റിക്കുക എന്നതാണ് ലക്ഷ്യം. വളരെ തന്ത്രപരമായി എന്നു വച്ചാൽ കാഴ്ചയിൽ എല്ലാം ഭംഗിയായിരിക്കും, തുടക്കത്തിൽ യാതൊരു വ്യത്യാസവുമില്ല, യാതൊരു പ്രശ്നവും ഉള്ളതായി തോന്നുകയില്ല. കർത്താവിന്റെ നാമത്തിന്റെ മഹത്വത്തിന് എന്ന് തോന്നിക്കുന്ന ചില മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കും. സഭ വളരെ ബഹുമാനിക്കുന്ന ഒരാളെ കയ്യിലെടുത്തു ആ വ്യക്തിയിലൂടെ, അല്ലെങ്കിൽ വ്യക്തികളിലൂടെ അത് അവതരിപ്പിക്കും.

സഭയുടെ തെറ്റായ പദ്ധതികൾ

സഭയുടെ ശക്തിയെ ലക്ഷ്യമിട്ട് തെറ്റായ പദ്ധതികളുണ്ടാക്കുവാൻ ശ്രമിക്കും. തെറ്റായ കണക്കു കൂട്ടലുകൾ ഇടുവാൻ കഴിയുമെങ്കിൽ, ഉപകരണങ്ങളെ സംബന്ധിച്ച തെറ്റായ ധാരണകൾ അടിച്ചേല്പിച്ച് ആജ്ഞകൾ, സ്വാധീനങ്ങൾ, ആവശ്യങ്ങൾ എന്നിവയിൽ ബുദ്ധിപരമായി കടത്തി എന്നാൽ എല്ലാം ഭംഗിയായിരിക്കുന്നു എന്ന ചിന്ത നില നിർത്തി തന്റെ തന്ത്രങ്ങൾ ഫലത്തിലേക്ക് കൊണ്ടു വരുന്നു.

സഭയുടെ അടിസ്ഥാനമൂല്യങ്ങളെ തെറ്റിച്ചാൽ സഭയുടെ സ്വഭാവത്തെ തെറ്റിക്കാം. സഭയുടെ ശക്തി ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ഭക്തിയുമാണ്. എന്നാൽ ഇന്ന് പൊതുവേ ആളുകൾ ചിന്തിക്കുന്നത് അംഗങ്ങൾ കൂടുതലുണ്ടെങ്കിൽ അതു വച്ചാണ്, സഭയുടെ ശക്തിയെ കണക്കുകൂട്ടുന്നത്, സമൂഹത്തിലുള്ള സഭയുടെ സ്വാധീനം, സാമ്പത്തികം എന്നിവ വച്ചും അളക്കുന്നു, കഴിവുകൾ പഠിത്തം, പ്രസംഗപീഠത്തിലെ വാക്ചാതുര്യമായ പ്രസംഗങ്ങൾ, ബുദ്ധി, പണം, സ്വാധീനം ഇവയെല്ലാം സഭയുടെ ശക്തിയുടെ അടിസ്ഥാനഘടകങ്ങളായി പലരും കണക്കാക്കുന്നു.

ഈ നിലയിൽ ചിന്തിക്കുന്ന സഭ കപടഭക്തിയുടെ വിശാല വീഥിയിലാണ്. സഭയുടെ ശക്തി ഇത്യാദികാര്യങ്ങളിലല്ല. വിശ്വാസം, വിശുദ്ധ പരിശുദ്ധാത്മാവിന്റെ മുദ്ര എന്നിവയിലാണ് സഭയുടെ ശക്തി അടിസ്ഥാനപ്പെട്ടിരിക്കുന്നത്. ആശേഷിയിലും പണത്തിലും അല്ല സഭയുടെ ശക്തിയെ അളക്കുന്നത്, എന്നാൽ അംഗങ്ങളുടെ വിശുദ്ധ ജീവിതമാണ് അതിനടിസ്ഥാനം. ലോകപ്രകാരമുള്ള സമൃദ്ധിയും സംവിധാനങ്ങളും പദ്ധതികളുമല്ല, ആളുകളുടെ മേലുള്ള പരിശുദ്ധാ

(ശേഷം 4-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം.

“ ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും. നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും ”. (ഉല്പ. 12 :23).

2019 -ാം വർഷത്തിന്റെ മാർച്ച് മാസം നമ്മെ വിട്ട് കടന്നു പോയി. ഏപ്രിൽ മാസത്തിലേക്ക് കടന്നു വന്നിരിക്കുന്നു. നിങ്ങളുടെ ജീവിതത്തിൽ ധാരാളം നന്മകളും അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. യേശു നല്ലവനാണ് ലോകാന്ത്യത്തോളം നമ്മോടുകൂടെ നിന്നു വഴി നടത്തുവാൻ ശക്തൻ. അവൻ നമ്മെ സ്നേഹിക്കുന്നു.

“ നീ ഇന്നു എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരുന്നാൽ ജീവിതം അതികഠിനമല്ല. സരളമായിരിക്കും. കാരണം ഞാനാകുന്നവൻ ഞാനാകുന്നു.

“നീ ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെ ഉണ്ട്. ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും” (യെ. 41:10).

ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല ആകാശവും ഭൂമിയും മാറിപ്പോകും പക്ഷേ എന്റെ വാഗ്ദാനം മാറുകയില്ല (ലൂ. 21:33). ഞാൻ നിന്നെ താങ്ങും ഞാൻ നിന്നെ എന്റെ കൈകളിൽ വരച്ചിരിക്കുന്നു. ഞാൻ നിന്നെ നരയ്ക്കുവോളം നിന്റെ ജീവിതാവസാനം വരെ ചുമക്കും. നീ അകത്തുവരുമ്പോൾ അനുഗ്രഹിക്കപ്പെട്ടിരിക്കും. പുറത്തുപോകുമ്പോൾ അനുഗ്രഹിക്കപ്പെടും. നീ രോഗിയായാൽ ഞാൻ നിന്നെ സൗഖ്യമാക്കും. ഞാൻ സൗഖ്യമാക്കുന്ന യഹോവയാകുന്നു.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN** 0070028A /c.No. **67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

എന്തുകൊണ്ടു ലോകം അംഗീകരിക്കുന്നില്ല

By A.W.Tozer (1897-1963)

“ ലോകം അവനെ കായണുകയോ അറികയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴികയില്ല ” (യോഹ. 14:7).പുതിയനിയമത്തിലുടനീളം വായിച്ചാൽ ലോകത്തിനും സഭയ്ക്കും മദ്ധ്യേ ഒരു സൂക്ഷ്മരേഖ കടന്നു പോകുന്നത് കാണാം, അവിടെ ഒരു മദ്ധ്യസ്ഥനുമില്ല. ദൈവം ഒരിക്കലും വിസമ്മതിക്കുവാൻ സമ്മതിക്കുന്നു എന്ന തത്വം അംഗീകരിക്കുന്നില്ല. കാരണം കുഞ്ഞാടിനെ അനുഗമനിക്കുന്നവർ തന്നെ ലോകത്തിന്റെ വഴികളെ ദത്തെടുത്തു അതിൽ നടക്കുന്നു. ധനവാന്റെയും ലാസറിന്റെയും കാര്യത്തിൽ പഠിക്കുന്നതിൽ ഒരു വലിയ വിടവ് ക്രിസ് ത്യാനിക്കും ലോകത്തിനും മദ്ധ്യേ ഉണ്ട്. ആ വലിയ ആഴമുള്ള വിടവ് വീണ്ടെടുക്കപ്പെട്ടവരേയും വീണവരുടെ ലോകത്തേയും തമ്മിൽ വേർതിരിക്കുന്നു.

ഞാൻ നന്നായി അറിയുകയും ആഴമായി മനസിലാക്കുകയും ചെയ്യുന്ന കാര്യം പാരമ്പര്യ ആട്ടിൻ കൂട്ടത്തെ വലയം ചെയ്തു. എത്ര വലിയ കൂട്ടമാണുള്ളത്. അവരുടെ നടുവിൽ ജീവിക്കുക എന്നതും ശ്രമകരമായ കാര്യമത്രേ. ആളുകൾ ഈ പ്രമാണം സ്വീകരിച്ചു വിശ്വാസത്തിലേയ്ക്ക് വരുന്നതു വിശ്വാസികളുടെ കൂട്ടായ്മ കൊണ്ടോ ആത്മീകമായ ഇടപെടലുകൾ കൊണ്ടോ ആത്മീകമായ പഠിപ്പിക്കലുകൾ കൊണ്ടോ അല്ല. ആത്മാവ് അവരെ പിടിച്ചിട്ട് പുതുജനത്താലാണ് കൂട്ടായ്മയിലേക്ക് അടുത്തുവരുന്നത്. ഒരു ആത്മീയമായ പ്രവർത്തി അവരിൽ നടക്കുമ്പോൾ അവർ പെട്ടെന്ന് കൂട്ടായ്മയിലേക്ക് വരുന്നു. “നിങ്ങളോ അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേയ്ക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു ” (1പത്രോ. 2:9,10).

വ്യക്തമായ ഒരു മഹാത്മ്യം

യോഹന്നാന്റെ ഒന്നാം ലോഖനത്തിൽ 2 വാക്കുകൾ ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. അവർ നിങ്ങൾ, അവർ എന്നത് ആദാമ്യ സന്തതികളായി വീണുപോയ ലോകം. നിങ്ങൾ എന്നത് തെരഞ്ഞെടുക്കപ്പെട്ടവരായി ക്രിസ്തുവിനെ അനുഗമിക്കുന്നവർ. അപ്പോസ്തലൻ ഒരിക്കലും ഒരു ചെറിയ ദൈവത്തെ പരിചയപ്പെടുത്തുകയല്ല ചെയ്യുന്നത്. മാറ്റമില്ലാത്ത ദൈവത്തെയാണ് പരിചയപ്പെടുത്തുന്നത്. യോഹന്നാന്റെ പഠിപ്പിക്കലിനെ ശരിവയ്ക്കുന്ന ഊർജ്ജസ്വലമായ വിശ്വാസമാണത്. വേർപാടിന്റെ നേർരേഖയെ കളങ്കപ്പെടുത്തുക എളുപ്പമാണ്. ഞങ്ങൾ എന്ന പദപ്രയോഗം വിശ്വാസികളും അവിശ്വാസികളും സുരക്ഷിതരെന്നാണ് കാണിക്കുന്നത്. പിതാവെന്ന നിലയിൽ ദൈവം വിശ്വസിക്കുന്ന ഏവനും ദൈവമാണ്, പിതാവാണ്. എന്നാൽ യോഹന്നാൻ വരച്ചിരിക്കുന്ന രേഖ വിശ്വാസികളെ യും അവിശ്വാസികളെയും രണ്ടു കൂട്ടങ്ങളെയും വ്യത്യസ്തരായി വേർതിരിച്ച് നിർത്തുന്നു. രക്ഷിക്കപ്പെട്ടവരെയും അല്ലാത്തവരെയും വേർതിരിച്ച് നിർത്തുന്നു. രക്ഷിക്കപ്പെട്ടവർ പ്രതിഫലം വാങ്ങുമ്പോൾ അല്ലാത്തവർ ലജ്ജിച്ചുപോകുന്നു. അവർ എന്ന പദം ദൈവത്തെ അറിയാത്തവർ, ഞങ്ങൾ എന്നത് ദൈവത്തെ അറിഞ്ഞ് ജീവിക്കുന്നവർ. രണ്ടുകൂട്ടർക്കും മദ്ധ്യേ വലിയ ഒരു വിടവുണ്ട്, അത് ആർക്കും കടക്കുവാൻ സാദ്ധ്യമല്ല. യോഹന്നാൻ എഴുതുന്നത്, കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു. അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിൽ നിന്നുള്ളവനെക്കാൾ വലിയവനല്ലോ. അവർ ലൗകികന്മാർ ആകയാൽ ലൗകികമായതു സംസാരിക്കുന്നു. ലോകം അവരുടെ വാക്കു കേൾക്കുന്നു. ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു. ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവ് ഏത് എന്നും വഞ്ചനയുടെ ആത്മാ

(ശേഷം 7-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(2-ാംപേജിന്റെ തുടർച്ച)

പിശാചും സഭയും

ത്മാവിന്റെ സ്വാധീനമാണ് പ്രധാനം. ദൈവം നൽകുന്ന ശക്തിയും അനുഗ്രഹങ്ങളുമാണ് സഭയുടെ സമ്പത്ത്, ലോകത്തിൽ നിന്നുള്ള ഉറവിടങ്ങളല്ല. പാവപ്പെട്ടവർ എന്നോ, പഠിപ്പില്ലാത്തവർ എന്നോ അറിവില്ലാത്തവർ എന്നോ അല്ല പ്രാർത്ഥിക്കുന്ന ആളുകളിലാണ് സഭയുടെ ശക്തി. അവർക്ക് പണമോ സ്വാധീനമോ ഇല്ലായിരിക്കാം. ഒരാഴ്ചക്കാലം അവരെ പൊതുവിൽ കാണുവാൻ സാദ്ധ്യമല്ല, അവരുടെ ഭക്ഷണത്തിനും ദൈനംദിന ആവശ്യങ്ങൾക്കും വേണ്ടിയുള്ള ബദ്ധപ്പാടിലായിരിക്കാം. എന്നാൽ അവരിലാണ് ദൈവശക്തി മറഞ്ഞിരിക്കുന്നത്. അവരുടെ സ്വാധീനം നിത്യതയ്ക്കുള്ളതാണ്, അവരുടെ വെളിച്ചം പ്രകാശിക്കുന്നു, അവർ ശ്രദ്ധിക്കപ്പെടുന്നു, അവർ പോകുന്നേടത്തെല്ലാം പ്രകാശം ഉണ്ട്, ദൈവവും ദൈവരാജ്യവും അവരിൽ മഹത്വപ്പെടുന്നു. അവർ ദൈവത്തിന്റെ രക്ഷയുടെ തെരഞ്ഞെടുക്കപ്പെട്ട പാത്രങ്ങളാണ്, ദൈവത്തിന്റെ പ്രകാശം പ്രതിഫലിപ്പിക്കുന്ന ഉപകരണങ്ങളാണ്.

കോട്ടം സംഭവിക്കുന്ന അടിസ്ഥാന മൂല്യങ്ങൾ

സുവിശേഷവിഹിതസഭകൾ സാത്താനാൽ ബാധിക്കപ്പെട്ട് അന്ധരായിത്തീർന്നിരിക്കുന്നു. ഭൗതികമായ വളർച്ചയെ മാത്രം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു. ധാരാളം നാം കേട്ടിരിക്കുന്നു. ഒത്തിരിക്കാര്യങ്ങൾ ചെയ്തിരിക്കുന്നു. ആത്മിക കാര്യങ്ങൾ നമ്മുടെ ചൊൽപ്പടിയിലാക്കിയിരിക്കുന്നു. ആത്മിക കാഴ്ചപ്പാടുകൾ നഷ്ടപ്പെട്ടിരിക്കുന്നു. പുറമേയുള്ള മോടികളിലും പ്രകടനങ്ങളിലും അടിമപ്പെട്ട് ആത്മിക മൂല്യങ്ങളെ നഷ്ടപ്പെടുത്തിയിരിക്കുന്നു. ഏറ്റവും ശോചനീയമായ അവസ്ഥ, സഭ നേരിട്ടുകൊണ്ടിരിക്കുന്നു, താഴ്മയും വിനയവും നഷ്ടപ്പെട്ടിരിക്കുന്നു, ദൈവഭക്തിയെക്കാൾ പ്രകടനങ്ങളിലൊതുങ്ങി ആളെക്കൂട്ടുന്ന തത്രപ്പാടിലായിരിക്കുന്നു.

പ്രളയങ്ങൾക്ക് നാം വഴിപ്പെടരുത്. നൈമിഷകങ്ങളായ കാര്യങ്ങൾക്ക് ഒരു ചെറിയ ഇടംപോലും കൊടുക്കരുത്. ലോകത്തിന് ഇടം കൊടുക്കരുത്. ഓരോ നിമിഷത്തിലും ഓരോ വഴിയിലും ദൈവഭക്തിയ്ക്ക് ഇടം കൊടുക്കണം. ആ കാഴ്ചപ്പാടിൽ സഭ വളരണം. ദൈവത്തിൽ നിന്നും പ്രാപിച്ച് ആ കാഴ്ച നഷ്ടപ്പെടുത്തിയുള്ള പദ്ധതികളും പരിപാടികളും സാത്താന് നമ്മെത്തന്നെ സമർപ്പിക്കുന്ന പരിപാടിയാണ്.

ലോകത്തിന്റെ ഇഷ്ടത്തിൽ മുഴുകിയിരിക്കുമ്പോൾ നാം വ്യർത്ഥമായി പറയുന്നത്, “ ഞാൻ സമ്പന്നനായിരിക്കുന്നു, എനിക്ക് ഒന്നിനും കുറവില്ല ”. എന്നാൽ ദൈവം സംസാരിക്കുന്നത് ഞാൻ ധനവാൻ സമ്പന്നനായിരിക്കുന്നു. എനിക്ക് ഒന്നിനും മുട്ടില്ല എന്ന് പറഞ്ഞുകൊണ്ട് നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്ന്” (വെളി. 3:17). ആ കാര്യങ്ങൾ അങ്ങനെയിരിക്കുമ്പോൾ, ഉണരാതിരുന്നാൽ വിലയേറിയ സുഗന്ധ വർഗ്ഗങ്ങളിട്ട് ശവശരീരം ഒരുക്കി ആത്മീയതയെ കുഴിച്ചു മൂടുകയാണ് ചെയ്യുന്നത്. സഭയുടെ യഥാർത്ഥ ശക്തി ആളുകളുടെ വിശുദ്ധ ജീവിതത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. വ്യക്തിപരമായ വിശുദ്ധജീവിതം ഓരോ സഭയുടെയും ശക്തിയുടെ അളവ് വർദ്ധിപ്പിക്കുന്നു. ദൈവത്തോടു മത്സരിക്കുന്നതും, ക്രിസ്തുവിനോടുള്ള അഭക്തിയും പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു, സഭയ്ക്ക് ദോഷമുണ്ടാക്കുന്നു.

സഭ ഭൗതികമായതിലൂന്നി ആത്മിക മൂല്യങ്ങളെ നഷ്ടപ്പെട്ടുത്തുമ്പോൾ പിശാച് തന്റെ ശക്തിയെ വർദ്ധിപ്പിക്കുന്നു. പുറമേയുള്ള പ്രകടനങ്ങളും ആചാരങ്ങളും ആത്മീയ പാപത്തെ മറയ്ക്കുന്നു. ഒരു ആത്മിക സഭ ആളുകളെ ശരിയായ മാനസാന്തരത്തിലേയ്ക്ക് നടത്തുന്നു. വിശുദ്ധിയ്ക്കുവേണ്ടി, അതിനെ നിലനിർത്താൻ വേണ്ടി വിലകൊടുക്കുന്നു.

ആത്മീകത എന്നത് ഒരു തമാശയല്ല, അത് പള്ളിയുടെ മൂലയിൽ സൂക്ഷിക്കാൻ പറ്റിയ സംഗതിയല്ല, അത് ആഘോഷങ്ങളിലും അവധി ദിവസങ്ങളിലുമുള്ള പ്രത്യേക പരിപാടിയല്ല, എന്നാൽ അതിൽ തന്നെയുള്ള പ്രധാനവും ഏകവുമായ പദ്ധതിയാണ്. ആളുകളെ മാനസാന്തരത്തിലേയ്ക്കും വിശുദ്ധിയിലേയ്ക്കും അതിന്റെ പൂർണ്ണതയിലേക്കും നടത്തുന്ന പ്രവൃത്തി സഭ ചെയ്യുന്നില്ല എങ്കിൽ, ഇതിനെ ഒരു രണ്ടാം പദ്ധതിയായി തരം താഴ്ത്തുന്നു എങ്കിൽ അപ്പോൾ സഭ ലോകമയത്വത്തിലേക്ക് പോകുകയാണ്. പണം ശേഖരിക്കുന്നതിലും കെട്ടിടപ്പണിയിലും ഭൗതിക കാര്യങ്ങളിവും മാത്രം സഭ ശ്രദ്ധകൊടുക്കുമ്പോൾ സഭ ആളുകൾക്ക് നല്ല ഒരു വാസസ്ഥലമായി മാറുകയും അന്തിമവിജയം സാത്താൻ കൈവരിക്കുകയും ചെയ്യുന്നു.

സ്വയത്യാഗം ഇല്ല

സാത്താന്റെ മറ്റൊരു പദ്ധതി എന്നത്, സ്വയത്യാഗത്തിന്റെയും വിശുദ്ധിയുടെയും പ്രമാണങ്ങളെ ലഘൂകരിച്ചു സഭയെ പ്രശസ്തമായ, പ്രാകൃതമായ, ജഡികമായ, ലോകപ്രകാരമുള്ള ഒരു സ്ഥാപനമാക്കിമാറ്റുകയാണ് ചെയ്യുന്നത്. മനുഷ്യനെ ഭയപ്പെടുത്തുന്ന പദ്ധകളൊന്നും സാത്താന്റെ പക്കലില്ല. ലോകത്തിന്റെ നാശത്തെക്കുറിച്ചോ ദൈവത്തിന്റെ ഉന്നതവും വിശുദ്ധവുമായ ഉദ്ദേശത്തെക്കുറിച്ചോ ബോധവാന്മാരാകാതെ പകരം ആളുകളുടെ കാഴ്ചപ്പാടിനനുസരിച്ചുള്ള ഒരു മാനുഷിക സ്ഥാപനമാക്കി സഭയെ മാറ്റുകയാണ് ചെയ്യുന്നത്.

ആളുകൾ അപ്പോസ്തലന്മാരുടെ ഇരിപ്പിടങ്ങളിൽ ഇരുന്ന് ആത്മീയ അന്ധതയിലൂടെ കടന്നുപോകുന്നു. ദൈവികസത്യങ്ങൾക്ക് തെറ്റായ വ്യാഖ്യാനം നൽകി ക്രിസ്തുവിനോടുള്ള ബഹുമാനത്തെ അവിടുത്തെ കഷ്ടാനുഭവങ്ങളെ രക്ഷിക്കുന്ന പദ്ധതിയെ, അതിന്റെ ശക്തിയെയും സൗന്ദര്യത്തെയും നഷ്ടപ്പെടുത്തി ആത്മിക കാര്യങ്ങൾക്ക് വ്യർത്ഥമായ പരിവേഷം നൽകുന്നു.

സ്വയത്യാഗത്തിന്റെ വിശുദ്ധപ്രമാണങ്ങളും ലോകമയത്വമില്ലാത്ത ജീവിതം, ക്രിസ്തുവിനോടുള്ള സ്വയ സമർപ്പണം എല്ലാം മനുഷ്യന്റെ മതത്തിന് എതിരാണ്. അവർക്ക് അവയെല്ലാം ആവശ്യമില്ലാത്ത കാര്യങ്ങളാണ്. ഇപ്രകാരം അവർക്ക് പ്രസക്തമല്ലാത്ത കാര്യങ്ങളെ അവർ ഒഴിവാക്കാൻ ശ്രമിക്കുന്നു, സാത്താൻ സഭയെ ഭരിക്കുന്നു, അങ്ങനെ സഭ പ്രശസ്തവും സന്തോഷമുള്ളതും ജഡത്തെ പ്രസാദിപ്പിക്കുന്നതും ആധുനികവും വളർച്ചയുള്ളതും ആകുന്നു. എന്നാൽ ഇത് സാത്താന്റെ സഭയാണ്. ജഡത്തെയും രക്തത്തെയും പ്രസാദിപ്പിക്കുന്ന തത്വങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ക്രിസ്തു അവിടെയില്ല; അന്ത്യന്യായവിധി രണ്ടാം വരവ്, നിത്യനരകം, നിത്യസ്വർഗ്ഗം ഇതൊന്നും അവരുടെ ഉപദേശങ്ങളിലില്ല. ദൈവസേവ അവിടെയില്ല, മനുഷ്യനെ പ്രസാദിപ്പിക്കുന്നതുമാത്രമേ അവിടെയുള്ളൂ. ദൈവത്തിന്റെ സഭയെ മനുഷ്യൻ സാത്താന്റെ സഭയാക്കി മാറ്റു

(ശേഷം 5-ാംപേജിൽ)

(4-ാം പേജിന്റെ തുടർച്ച)

പിശാചും സഭയും

ന്നു. ലോകം സാത്താന്റെ സഭയെ അന്വേഷിക്കുന്നു എന്നാൽ മനുഷ്യൻ, ആത്മാവ് സ്വർഗ്ഗം, എല്ലാം നഷ്ടപ്പെട്ടു, നിത്യത നഷ്ടപ്പെട്ടു.

ദൈവഭക്തിയില്ലാത്ത, ദൈവകൃപയില്ലാത്ത കപടഭക്തി, ക്രിസ്തുവിനെ ഇറക്കിവിട്ട് സാത്താനെ വാഴിക്കൽ, പരിശുദ്ധാത്മാവിനെയും അവിടുത്തെ ആധിപത്യത്തെയും ഇറക്കിവിട്ട് സാത്താനെയും അവന്റെ ആധിപത്യത്തിനും ഇടംകൊടുത്തു. അനാത്മികരും സാത്താനും ഭരിക്കുന്ന ദൈവത്തിന്റെ ശക്തിക്കും അധികാരത്തിനും പകരം മാനുഷിക ശക്തിക്കും കഴിവിനും ആധിപത്യത്തിനും ഇടം കൊടുക്കുന്നു. മനുഷ്യന്റെ ബുദ്ധിയും ആധിപത്യവും കപടഭക്തിക്ക് കാരണമാവുന്നു. ദൈവസഭയുടെ നേതാവ് പരിശുദ്ധാത്മാവാണ്. ദൈവത്തിനും ദൈവാധിപത്യത്തിനും ഇടകൊടുക്കുന്നവനെ ദൈവമുമ്പാകെ തന്നെത്തന്നെ താഴ്ത്തുന്നവനെ ദൈവം തന്റെ സഭയെ പാലിക്കുവാൻ ആക്കിവയ്ക്കുന്നു. അവൻ എല്ലാവർക്കും ദാസനാകുന്നു.

ദൈവത്തിന്റെ വഴിയോ മനുഷ്യന്റെ വഴിയോ?

സഭയിൽ ദൈവത്തിന്റെ വഴിയും മനുഷ്യന്റെ വഴിയും വ്യത്യസ്തങ്ങളാണ്. മനുഷ്യന്റെ ബുദ്ധിപരമായ പദ്ധതികൾ, സന്തോഷമുള്ളവഴികളും എളുപ്പത്തിലുള്ള പരിഹാരമാർഗ്ഗങ്ങളും എല്ലാം സാത്താന്റെ വകയാണ്. ക്രൂശ് വിരമിച്ചു. ലോകം അകത്തുവന്നു, സ്വയത്യാഗം ഇല്ലാതെയായി. എല്ലാം നന്നായി തോന്നുന്നു, സന്തോഷവും അഭിവൃദ്ധിയും ഉണ്ട്. എന്നാൽ സാത്താന്റെ കരം പെട്ടകത്തിന്മേലുണ്ട്. മനുഷ്യന്റെ പദ്ധതികൾ ജയിക്കുന്നു. മനുഷ്യന്റെ പദ്ധതികൾ സദാ പരാജയപ്പെടുന്നു.

ദൈവത്തിന്റെ എല്ലാ പദ്ധതികളിലും ക്രൂശിന്റെ അടയാളമുണ്ട്. അവിടുത്തെ എല്ലാ പരിപാടികളിലും സ്വയം ഇല്ലാതാവുന്നു. ദൈവത്തിന്റെ എല്ലാ പദ്ധതികളിലും ലോകം ക്രൂശിക്കപ്പെടുന്നു. എന്നാൽ മനുഷ്യന്റെ പദ്ധതികളിൽ നിന്നും ക്രൂശ് ഇല്ലാതാവുന്നു. അവരുടെ നേട്ടങ്ങൾ ലോകത്തിന്റേതാണ്. മനുഷ്യന്റെ ഇഷ്ടം സഭയെ സ്വാധീനിക്കുമ്പോൾ ഉന്നതമായതും വിശുദ്ധമായതും സ്വർഗ്ഗീയമായതും നഷ്ടപ്പെടുകയുമല്ലേ ചെയ്യുന്നത്?

ആത്മീയതയിൽ നിന്നും പ്രാകൃതമായതിലേക്ക്

സഭ ഒരു ആത്മീയസ്ഥാപനമാണ്. പരിശുദ്ധാത്മാവാണ് അതിനെ ആരംഭിച്ചു, വളർത്തി, അവകാശമാക്കി, നിയന്ത്രിച്ചു നടത്തുന്നത്. സഭയിലെ സംവിധാനങ്ങൾ, ആചാരങ്ങൾ, രീതികൾ, ശുശ്രൂഷകൾ, ചുമതലക്കാർ എല്ലാം പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്കൊത്തു പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും പരിപാലനവും സംരക്ഷണവും ദിവ്യമായ അതിന്റെ അവാസാനം വരെയും കൂടെയിരിക്കുന്നു. പിശാചിനെ അകത്ത് വരുവാൻ അനുവദിക്കുമ്പോൾ പരിശുദ്ധാത്മാവ് ശാന്തമായി പുറത്തുപോകുന്നു. ദൈവത്തിന്റെ സഭ എന്ന പേര് അതിന് നഷ്ടമാവുന്നു. അതിന് ചില വ്യക്തി യോ വ്യക്തികളോ കാരണമാവുന്നു. യോഹ. 3:6-ൽ നാം ഇങ്ങനെ വായിക്കുന്നു, “ജഡത്താൽ ജനിച്ചത് ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവ് ആകുന്നു” (യോഹ. 3:6). സഭയ്ക്ക് ഒരു നല്ല പ്രസംഗകൻ ഉണ്ടായിരിക്കാം വലിയ പ്രാർത്ഥനക്കാരൻ ഉണ്ടായിരുന്നിരിക്കാം വലിയ കൃപയുള്ളവനുണ്ടായിരിക്കാം. ആത്മ നിറവുള്ളവൻ ഉണ്ടായിരിക്കാം. എന്നാൽ സാത്താൻ ഏത് രീതിയിലും തെറ്റിക്കാൻ കഴിയും. സഭയിലെ ആത്മീയ നേതാവ്, ഉയർന്ന സംസ്കാരമില്ലായിരിക്കാം, എന്നാൽ വചനത്തിൽ നല്ല നിശ്ചയമുള്ളവനായിരിക്കും, പ്രാർത്ഥനയിലും കർത്താവിനോടുള്ള ബന്ധത്തിലും അവൻ ശക്തനായിരിക്കും. പണമോ പ്രശസ്തിയോ ഇല്ലായിരിക്കാം പക്ഷേ ജനത്തിന്റെ ഇടയിൽ ഏറ്റവും സമ്മതനായിരിക്കും ഒരു വലിയ മാറ്റം സഭയിലുണ്ടാക്കുവാൻ അവൻ ശക്തനായിരിക്കും.

ക്രിയാത്മകമായ നിലയിലല്ല ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റുന്ന നിലയിൽ സാത്താൻ സഭയെ വഴിതെറ്റിക്കുന്നു, തന്ത്രത്തിൽ കയറിപ്പറ്റുന്നു. ഉന്നതമായത് പിന്മാറി, ആത്മീകം സാമൂഹികത്തിന് വഴിമാറി, ദൈവഭക്തി അന്യം വന്നു, ആത്മികം രണ്ടാമത്തേതായി സഭയ്ക്കുണ്ടായിരിക്കേണ്ടതായ ആത്മീക വളർച്ച പൂർണ്ണമായി അധപതിച്ചു. ആളുകളെ സന്തോഷിപ്പിക്കുന്ന പരിപാടികൾ മുന്നിൽ വന്നു. സാമൂഹികശക്തികൾ ആത്മീക ശക്തിയെ കുറയ്ക്കുക മാത്രമല്ല നശിപ്പിക്കുകയും ചെയ്യുന്നു. വലിയ അധ:പതനം വന്നിരിക്കുന്നു. അതിനെക്കുറിച്ച് നാം അനുതപിക്കണം. പാപക്ഷമയ്ക്കായി കരയണം, പിൻപറ്റേണ്ട സത്യം വെറും ഒരു തത്വജ്ഞാനമായിരിക്കുന്നു. ആത്മീക അനുഭവങ്ങളെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. എല്ലാ ആത്മിക പ്രസ്ഥാനങ്ങളും ആഴമായ ആത്മിക അനുഭവങ്ങളിലേയ്ക്ക് പോകേണ്ടതിന് പകരം പുറം മോടികളായി മാറിയിരിക്കുന്നു. പ്രസംഗകരും വിശ്വാസകളും ഒരുപോലെ അധ:പതിച്ചിരിക്കുന്നു. ക്രിസ്തുവിനും ലോകത്തിനും മദ്ധ്യേ മദ്ധ്യവർത്തികളായി പ്രവർത്തിക്കുന്നു.

അഗ്നി കത്തണം

ആർ ശബ്ദമുയർത്തും? ആളുകളുടെ അഭിരുചി അധ:പതിച്ചിരിക്കുന്നു, വഴിതെറ്റിയിരിക്കുന്നു. പ്രമാണമില്ലാത്ത ആ ജനത്തോട് നാം ചേർന്നു നില്ക്കണമോ? ഒരിക്കലുമില്ല, ആത്മികമൂല്യങ്ങളെ ഉണർത്തി ആത്മീക അനുഭവങ്ങളിലേക്ക് ജനത്തെ മടക്കി വരുത്തം. ഉണർവ് ദൈവവചനത്തിൽ നിന്നും ആരംഭിക്കണം. ദൈവത്തിന്റെ കരം നമ്മുടെ മേൽ വരുന്നതുവരെ കരയണം. ലക്ഷ്യം എല്ലാവരും തിരിച്ചറിയണം. പരിശുദ്ധാത്മാവിന്റെ ശക്തി ധരിക്കണം, വ്യക്തിപരമായ ഉദ്ദേശത്തെ തിരിച്ചറിയണം. വിശുദ്ധിയുടെ ആവശ്യം മനസിലാക്കണം, പരിശുദ്ധാത്മാവിന്റെ അഗ്നി ഇറങ്ങണം. ദേശം ദേശമായി ദൈവസ്നേഹത്തെ രുചിച്ചറിയണം, ദൈവത്തിന്റെ നിറവുകൾക്കായി കാത്തിരിക്കണം.

സഭയ്ക്ക് ഒരിക്കലും അശുദ്ധിയ്ക്ക് കൂട്ടു നില്ക്കാൻ സാദ്ധ്യമല്ല. ആളുകളെ സന്തോഷിപ്പിക്കയല്ല സഭയുടെ ലക്ഷ്യം. അത് സഭയുടെ ദു:ഖകരമായ വീഴ്ചയാണ്. സഭയുടെ അനുഗ്രഹിക്കപ്പെട്ട കൂട്ടായ്മകൾ വെറും പുറം മോടികളായി മാറുമ്പോൾ സ്തുതികൾ എല്ലാം ലോകത്തിന്റെ വാദ്യങ്ങളായി മാറുന്നു, പ്രർത്ഥനയുടെ കേന്ദ്രമാകേണ്ട സഭ ഉല്ലാസ കേന്ദ്രമായി മാറുന്നു. സഭയുടെ ഉന്നതവും രാജകീയവുമായ ദൗത്യം കറയും ചുളുക്കവും ഇല്ലാത്തവളായി വിശുദ്ധജീവിതത്തിനും പ്രമാണത്തിനും ഊന്നൽ കൊടുത്ത് എല്ലാ ആത്മീക മൂല്യങ്ങളിലും വളർന്ന് അതിന്റെ പൂർത്തീകരണം പ്രാപിക്കേണ്ടതാണ്. ശേഷിക്കുന്ന കാലം നഷ്ടപ്പെട്ടുപോയ ആത്മീയ നിലവാരത്തെ പുതുക്കിയെടുക്കാം. കർത്താവു വരാറായി. ❖

ലിസി ജോൺസൻ എന്ന കഷ്ടത സഹിക്കുന്ന വിശുദ്ധ

By Bishop Frank W.Warne (1854 - 1932)

1900- കളിൽ തെക്കു കിഴക്കേ ഏഷ്യയിൽ പ്രത്യേകിച്ചു ഇൻഡ്യയിൽ മിഷ്യനറിയായി പ്രവർത്തിച്ച മെതഡിസ്റ്റുകാരനായ ബിഷപ്പായിരുന്നു ബിഷപ്പ് വാർണേ. തന്റെ പ്രവർത്തന കാലത്ത് കണ്ടുമുട്ടാനിടയായ ഒരു യുവതിയായിരുന്നു ലിസിജോൺസൻ.

1904-ൽ ഷിക്കാഗോയിൽ ഒരു കോൺഫറൻസിൽ സംബന്ധിക്കുകയായിരുന്നു ഞാൻ. ചില സ്നേഹിതർ എന്നോടു പറഞ്ഞു, ലിസി ജോൺസനെ കാണാതെ ഇൻഡ്യയിലേക്കു മടങ്ങിപ്പോകരുത്. ലിസിജോൺസന്റെ കഥ എനിക്കറിയില്ലായിരുന്നു, എന്നാൽ അവരെ കാണുവാൻ ഞാൻ നിർബ്ബന്ധിക്കപ്പെടുകയായിരുന്നു. ഇല്ലിനോയിസിലെ കെയ്സേ എന്ന സ്ഥലത്താണ് അവർ താമസിച്ചിരുന്നത്. അടുത്ത ദിവസം രാവിലെ ഒരു ട്രെയിനിൽ ഞാൻ ആ സ്ഥലത്തെത്തി. സ്റ്റേഷൻ മാസ്റ്ററുടെ സഹായത്താൽ തെരുവിന്റെ വശത്തായി മനോഹരമായ ഒരു ചെറിയവീട് ഞാൻ കണ്ടു. ഞാൻ ആരാണെന്നും എന്തിനാണ് വന്നതെന്നും അവരോട് പറഞ്ഞു. "ലിസി ജോൺസനെ കാണാൻ കഴിയുമോ? എന്നു ഞാൻ ചേദിച്ചു ".

അവർ എന്നോട് ഇരിക്കൂ കാണാം എന്ന് പറഞ്ഞു. അകത്തേയ്ക്ക് പോയി. അല്പസമയത്തിന് ശേഷം അവർ മടങ്ങി വന്നു. അകത്തു വരൂ, ലിസി ജോൺസനെ കാണാം എന്നു പറഞ്ഞു.

വൃത്തിയുള്ള ആ ചെറിയ വീടിന്റെ മുറിയ്ക്കുള്ളിലെ ചെറിയ വെളിച്ചത്തിൽ ഞാൻ അകത്തേയ്ക്ക് ചെന്നു. അവിടെ കട്ടിലിൽ കിടക്കുന്ന ആ സ്ത്രീയെ ഞാൻ കണ്ടു. അവർ വേദന കൊണ്ട് പുളയുകയായിരുന്നു. അങ്ങനെ ആരെയും ഒരിക്കലും കണ്ടിട്ടില്ല. ലിസി തന്റെ കഥ എന്നോടു പറഞ്ഞു.

പതിമൂന്ന് വയസ്സുള്ളപ്പോൾ ലിസിയ്ക്ക് സുവിശേഷ കാര്യങ്ങളിൽ താൽപര്യം തോന്നി. വില്യം ടെയിലർ എന്ന മിഷ്യനറിയെക്കുറിച്ച് താൻ കേട്ടു. 50 ഡോളർ കൊടുത്താൽ ആഫ്രിക്കയിൽ ഒരു അടിമയെ സ്വാതന്ത്രമാക്കുവാൻ കഴിയും എന്നദ്ദേഹത്തിൽ നിന്നും മനസിലാക്കി. അവരിൽ ഒരാളെ സ്വതന്ത്രയാക്കുവാൻ 50 ഡോളർ കൊടുക്കുവാൻ അവൾ തീരുമാനിച്ചു. അതിന്റെ ശേഷം അവളുടെ സ്പൈനൽ കോ ഡിന്റെ ചുറ്റുമുള്ള അസ്ഥികൾ ദ്രവിച്ചു രോഗബാധിതയായിത്തീർന്നു. 20-ാമത്തെ വയസ്സിൽ രോഗം തന്നെ ക്ഷീണിതയാക്കി. തന്റെ ശരീരം ചലിപ്പിക്കുവാൻ പോലും കഴിയാതെ മരിച്ചു പോകും എന്ന നിലയിലായി. വരുന്ന ദിവസങ്ങളിൽ 3 ഇഞ്ചിലധികം തന്റെ തല ഉയർത്തുവാൻ കഴിയാകെ പൂർണ്ണമായും ശയ്യാവലംബിയായി കാണപ്പെട്ടു. തുടർച്ചയായ വേദന അസഹ്യപ്പെടുത്തികൊണ്ടിരുന്നു.

ലിസി ഭയപ്പെടാതെ മിഷൻ പ്രവർത്തങ്ങൾക്ക് പണം കണ്ടെത്തണം എന്നവൾ ആഗ്രഹിച്ചു, അങ്ങനെ മെത്ത വിരിയുണ്ടാക്കുന്ന ജോലി ചെയ്യുവാൻ തുടങ്ങി. അവരുടെ പിതാവ് കൈകൾ മേശപ്പുറത്തുവച്ച് പണി ചെയ്യുവാനും മറിഞ്ഞു തിരിഞ്ഞും കിടന്ന് അത് ചെയ്യാനും കഴിയുന്ന തരത്തിൽ ഒരു മേശ ഉണ്ടാക്കിക്കൊടുത്തു. വേദനയിലും തന്റെ പരിശ്രമത്താൽ വളരെ മനോഹരമായ മെത്ത വിരി അവൾ പണിതെടുത്തു.

അവളുടെ മുറിയിൽ ആ കഥ ഞാൻ കേട്ടു. 13 വർഷം കൊണ്ടാണ് മനോഹരമായ ആ മെത്തവിരി ഉണ്ടാക്കിയത് എന്ന് ഞാൻ കേട്ടു. ആ നീണ്ട വർഷങ്ങളിൽ അവളുടെ വേദനയോ പ്രവൃത്തിയുടെ ഉദ്ദേശമോ ആരും അറിഞ്ഞില്ല, ആരും അത് വാങ്ങുകയോ വിൽക്കുകയോ ചെയ്തില്ല. ആ കഷ്ടപ്പെടുന്ന മുഖത്തേയ്ക്ക് ഞാൻ നോക്കി ഉപയോഗമില്ലാതെ കിടന്ന മെത്തവിരിയെ ഞാൻ നോക്കി, 13 വർഷമായി അത് ഉപയോഗമില്ലാതിരിക്കുന്നു എന്ന് കണ്ടു, അത് എന്റെ ഹൃദയത്തെ തകർത്തു, ഒരു കൊച്ചു കുട്ടിയെപ്പോലെ ഞാൻ കരയുവാൻ തുടങ്ങി.

ആ മെത്തവിരി എനിക്ക് തരുമോ എന്ന് ഞാൻ ചോദിച്ചു. ആ സമയം ഇൻഡ്യയിലേയ്ക്കുള്ള ടിക്കറ്റ് എന്റെ പോക്കറ്റിൽ ഉണ്ടായിരുന്നു. മൂന്നാഴ്ചയ്ക്കുശേഷം എനിക്ക് യാത്ര ചെയ്യണമായിരുന്നു. ആ മെത്തവിരിയും കൊണ്ട് ഞാൻ ട്രെയിനിലും ഹോട്ടലുകളിലും കയറിയിറങ്ങി, വീടുകളിൽ പൊതുപരിപാടികളിൽ ഞാൻ ആ മെത്തവിരിയുടെയും ലിസി ജോൺസന്റെയും കഥ പറഞ്ഞു. ലിസി ജോൺസനോട് സഹതാപം ഉണ്ടെങ്കിൽ ഈ മെത്തവിരിമേൽ എന്തെങ്കിലും നിക്ഷേപിക്കാൻ ഞാൻ ആവശ്യപ്പെട്ടു. ഞാൻ ഇൻഡ്യയിലേയ്ക്ക് യാത്ര തിരിക്കും മുമ്പേ ഞാൻ ആ തുക അവർക്ക് അയച്ചു കൊടുത്തു. 50 ഡോളറിനു പകരം സുവിശേഷവേലയ്ക്ക് 600 ഡോളർ ചെലവിടുവാൻ അവരുടെ കയ്യിൽ കിട്ടി.

ആ നീണ്ട 13 വർഷങ്ങളായുള്ള തന്റെ പദ്ധതി പരാജയമാണ് എന്ന് അവർ മനസ്സിലാക്കി. എന്നാൽ തന്റെ ലക്ഷ്യം വച്ചുകെട്ടുവാനോ വിട്ടുകളയുവാനോ താൻ താല്പര്യപ്പെട്ടില്ല. ഫലപ്രദമായ മറ്റൊരു പദ്ധതി അവർ ആവിഷ്ക്കരിച്ചു. അതിലൂടെ അവർ പ്രശസ്തയായി. റിബൺകൊണ്ടുണ്ടാക്കിയ ബുക്ക് മാർക്കുകൾ ഉണ്ടാക്കി വില്ക്കുവാൻ തുടങ്ങി. വാക്യങ്ങൾ അച്ചടിച്ച മനോഹരമായ ബുക്ക് മാർക്കുകൾ ആളുകൾ വളരെ ഇഷ്ടപ്പെട്ടു. ആയിരക്കണക്കിന് ബുക്ക് മാർക്കുകൾ തന്റെ സ്നേഹിതർ വിവിധ രാജ്യങ്ങളിൽ എത്തിച്ച് വ്യാപാരം നടത്തി. അവരുടെ കിടക്കയിൽ കിടന്നുകൊണ്ട് അവളുടെ ചെറിയ മേശയിൽ വച്ച് എഴുതി അവളുടെ ബിസിനസ് ആരംഭിച്ചു. ലോകത്തിലെ തന്നെ ഒരു വലിയ സംരംഭമായതു വളർന്നു. അവർ ഒരിക്കൽ ഇങ്ങനെ പറഞ്ഞു. എന്റെ ബുക്ക് മാർക്കുകൾ മെക്സിക്കോ, യൂണിയനിലെ എല്ലാ സ്റ്റേറ്റിലും, ഇംഗ്ലണ്ട്, സ്കോട്ട്ലന്റ്, ഇറ്റലി, സ്വീഡൻ, ആസ്ട്രിയ, ഇൻഡ്യ, മലേഷ്യ, മഡേറിയ, തുർക്കി, ആഫ്രിക്ക, ആസ്ട്രേലിയ, ന്യൂസിലാന്റ്, ചൈന, ജപ്പാൻ, തുടങ്ങിയ രാജ്യങ്ങളിൽ എത്തിക്കാൻ എനിക്ക് കഴിഞ്ഞു. ഞാൻ വളരെ പാടുപെട്ടു വേലചെയ്തു. എന്റെ കിടക്കയിൽ ആ വേദന ഞാൻ ഓർത്തില്ല. അതിന് എന്നെ പ്രാപ്തയാക്കിയ എന്റെ ദൈവത്തിന് ഞാൻ നന്ദിയുള്ളവളാണ്. അതിന്റെ മുഴുലാഭവും ഞാൻ വിദേശ രാജ്യങ്ങളിൽ വേല ചെയ്യുന്നു. അവിടുത്തുകാരുടെ കരങ്ങളിൽ ഞാൻ എത്തിച്ചുകൊടുക്കുന്നു. ഈ വേല എന്റെ ശരീരത്തെ കൂടുതൽ ബലഹീനയാക്കുന്നു. എങ്കിലും എന്റെ ചിന്തയും എന്റെ ആഗ്രഹവും എന്റെ അദ്ധ്വാനവും, ലോകത്തിന്റെ വിവിധരാജ്യങ്ങളിൽ വേല ചെയ്യുന്ന പാസ്റ്റർമാർക്കും വേദപുസ്തക സ്ത്രീ

(ശേഷം 7-ാംപേജിൽ)

(3-ാംപേജിന്റെ തുടർച്ച)

എന്തുകൊണ്ട് ലോകം അംഗീകരിക്കുന്നില്ല

വ് ഏത് എന്നും നമുക്ക് ഇതിനാൽ അറിയാം. (1യോഹ. 4:4-6).

ആർക്കും ആശയ പിശകുണ്ടാകാതിരിക്കുവാൻ തക്കവണ്ണം ലളിതമാണ് ഈ വാക്കുകൾ. വിശ്വാസത്തെക്കുറിച്ചും അനുസരണത്തെക്കുറിച്ചുമാണ് ഇവിടെ പറയുന്നത്. പ്രശ്നം എന്നത്, ഒരു വചന പണ്ഡിതൻ എങ്ങനെ ഇതിനെ പഠിപ്പിക്കും? ഇത് ധാർമ്മികമായ ഒന്നാണ്. അതിലും അതിന്റെ പരിണതഫലങ്ങളിലും മറഞ്ഞിരിക്കുവാൻ നമുക്കു കഴിയുമോ? എനിയ്ക്കത് ഉൾക്കൊള്ളുവാൻ കഴിയുമോ? സ്വതന്ത്ര ചിന്താഗതിക്കാരുമായി പൊരുത്തപ്പെടാൻ എനിക്ക് കഴിയുമോ?

ഒരു അപ്പോസ്തലനായിപ്പോയി ആളുകളോട് വചനം ആധികാരികമായി പഠിപ്പിക്കാൻ എനിക്ക് കഴിയുമോ? ചുരുക്കമായി പറഞ്ഞാൽ ആ രക്തം പുരണ്ട ക്രൂശും അതിന്റെ നിന്ദയും വഹിക്കുവാൻ നാം തയ്യാറാണോ?

സഭയിൽ വെളിപ്പെടുന്ന ലോകമയത്വം

പുതുക്കം പ്രാപിച്ച മനുഷ്യനു ലഭിക്കുന്ന പ്രതിഫലങ്ങളെ സംബന്ധിച്ച് പർവ്വത പ്രസംഗത്തിൽ പുറപ്പെടുന്ന കാര്യങ്ങൾ പ്രസക്തമാണ്. ആത്മീയ വിശപ്പും ദാഹവുമുള്ളവരായി തങ്ങളുടെ പാപങ്ങളെ ചൊല്ലി അനുതപിക്കുന്നവർ ദൈവരാജ്യത്തിൽ യഥാർത്ഥമക്കളാണ്. ശത്രുക്കളോട് അവർ കരുണകാണിക്കുന്നു. കപടമില്ലാതെ അവർ ദൈവത്തെ നോക്കുന്നു. ഉപദ്രവിക്കുവാൻ തങ്ങളെ വളഞ്ഞിരിക്കുന്നവരേയും ശപിക്കാതെ അനുഗ്രഹിക്കുന്നു. ദൈവവചനത്തിൽ അവർ മറഞ്ഞിരിക്കുന്നു. തങ്ങളോട് എതിർക്കുന്നവരോട് ക്ഷമിക്കുവാനും അവരെ ഉൾക്കൊള്ളുവാനും ശ്രമിക്കുന്നു. ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും അവർ ദൈവത്തെ സ്നേഹിക്കുന്നു. തന്റെ പ്രതിഫലത്തിനായി കാത്തിരിക്കയും ചെയ്യുന്നു. തങ്ങളുടെ ഭൗതിക നന്മകൾ ദൈവ ത്തിന് സമർപ്പിക്കുന്നു. സ്വർഗ്ഗത്തിൽ തങ്ങളുടെ നിക്ഷേപം സൂക്ഷിക്കുന്നു.

ഇതാണ് കാര്യങ്ങളുടെ ശരിയായ പഠിപ്പിക്കൽ എങ്കിൽ പണത്തിനും പദവിക്കും വേണ്ടി പോരാടുന്ന ക്രിസ്ത്യാനിയെ നാം എന്തു വിളിക്കും? സഭയിലെ രാഷ്ട്രീയത്തെ സംബന്ധിച്ച് നാം എന്ത് പറയും? വ്യക്തി താല്പര്യങ്ങൾ സംരക്ഷിക്കുന്നവരെക്കുറിച്ച് നമുക്ക് എന്താണ് പറയാൻ കഴിയുക? പണത്തിനു വേണ്ടി പണമുള്ളവനെ കൈമുത്തം കൊടുക്കുന്ന കപടവിശ്വാസിയെ നാം എന്തു വിളിക്കും.

ഈ ചോദ്യങ്ങൾക്ക് ഒരേ ഒരു ഉത്തരമേയുള്ളൂ. ഈ കപടങ്ങളെല്ലാം ലോകത്തിന്റെ വകയാണ്. കപടമില്ലാത്ത ആത്മാക്കളെക്കുറിച്ചുള്ള സ്നേഹം ദുഷ്ടവഴിയിൽ നടക്കുന്നവരെ മാനസാന്തരത്തിലേയ്ക്ക് നയിക്കും. അവരുടെ പാപങ്ങളെ ദൈവം ക്ഷമിക്കും.

ഒരു ശുദ്ധമായ ഇടവേളയ്ക്കുള്ള ആജ്ഞ

ലോകത്തെ വിടുവാനുള്ള ആജ്ഞ ദൈവവചനത്തിൽ കാണുന്നു. ഹാനോക്ക് നടന്നതുപോലെ ദൈവത്തോടുകൂടെ നടപ്പാൻ നമുക്ക് കഴിയണം. വ്യഭിചാരിണികളായുള്ളോവേ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു .

ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കുന്നത് ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, മൺമോഹം, ജീവനത്തിന്റെ പ്രതാപം, ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. (1യോഹ. 2:15,16).

ഈ വചനങ്ങൾ നമ്മുടെ പരിഗണനയ്ക്കുള്ളതല്ല, പിന്നയോ നാം അനുസരിക്കുവാനുള്ളവയാണ്. ദൈവത്തെ അനുസരിച്ച് അനുഗമിക്കുന്നവനാണ് ക്രിസ്ത്യാനി. ❖

(1-ാംപേജിന്റെ തുടർച്ച)

ലോകത്തിന്റെ വെളിച്ചമായിരിപ്പാൻ അന്വേഷിക്ക

നിങ്ങൾ അവിടുത്തെ അനുഗമിച്ചു. അനുകരിച്ചു, അനുഭവമാക്കി. ലോകത്തിൽ ഒരു വെളിച്ചമായിരിപ്പാൻ അന്വേഷിക്ക. ജ്വലിക്കുന്ന പ്രകാശം, വ്യക്തമായ വെളിച്ചം മനുഷ്യനു കാണുവാൻ കഴിയാത്തതിനപ്പുറമായ അനുഭവം. അങ്ങനെ ചെയ്യുമ്പോൾ നിങ്ങൾ വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിക്കും.

കർത്താവ് ഏതു നിമിഷവും വരും എന്ന ചിന്തയോടെ ജീവിക്കാം. സമയം അടുത്തിരിക്കുന്നു എന്ന ചിന്തയോടെ പ്രവർത്തിക്കാം. വേദപുസ്തകം വായിക്കണം, വീണ്ടും വീണ്ടും വായിക്കണം. നമുക്കു കിട്ടിയിരിക്കുന്ന അവസരം ഏറ്റവും ഒടുവിലത്തേതാണ് എന്ന് ചിന്തിച്ച് പ്രാർത്ഥിക്കണം. കേൾക്കുന്ന ദൈവവചനം ആദ്യത്തേതും ഒടുവിലത്തേതുമാണ് എന്ന ചിന്തയോടെ പ്രസംഗം കേൾക്കണം. ഒരുങ്ങുവാനുള്ള വഴി ഇതാണ്.

രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു. ഞാൻ നിങ്ങളോടും ആവശ്യപ്പെടുന്നത്, ഞാനും നിങ്ങളും വിശ്വസിച്ച ദൈവവചനം ലോകത്തിന് പകർന്നു കൊടുക്കാം. നാം വീടോട് അടുത്തിരിക്കുന്നു. കൂടുതൽ ഉണർന്നിരിക്കാം. കർത്താവു വരാൻ സമയമായി കാത്തിരിക്കാം.

പ്രിയവായനക്കാരാ, ഇത് വളരെ സത്യമാണ്. ലെഹറിച്ചുമണ്ട് എന്ന ദൈവഭക്തൻ തന്റെ മരണക്കിടക്കയിൽ ഇങ്ങനെ പറഞ്ഞു. നാം പാതി ഉണർന്നിരിക്കുന്നു, നാം പാതി ഉണർന്നിരിക്കുന്നു! നമ്മുടെ ഹൃദയം കർത്താവിൽ ശ്രദ്ധയോടിരിക്കട്ടെ. വേഗം വരുന്ന കർത്താവിനെ മുഖാമുഖമായി കാണാമെന്നുള്ള പ്രത്യാശയോടെ ആയിരിക്കാം. കർത്താവു വേഗം വരും. ❖

(6-ാംപേജിന്റെ തുടർച്ച)

ലിസി ജോൺസൺ എന്ന കഷ്ടത സഹിക്കുന്ന വിശുദ്ധ

കൾക്കും പ്രയോജനകരമായിത്തീരുമാറാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അവർ മരിക്കുന്നതിനു മുമ്പ് 24,000 ഡോളർ സുവിശേഷ വേലയ്ക്കു വേണ്ടി അവർ കണ്ടെത്തി.

ഞാൻ എന്റെ ശുശ്രൂഷയിൽ അനേകർക്ക് ഉത്തേജനമായിരിപ്പാൻ ലിസിജോൺസന്റെ കഥ അവതരിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ആരോഗ്യവും ബലവും അവസരങ്ങളുമുള്ളവർ ഇതിനെ തങ്ങളുടെ ജീവിതവുമായി താരതമ്യം ചെയ്യട്ടേ. കഷ്ടപ്പെടുന്ന ഈ വിശുദ്ധ തന്റെ കഷ്ടപ്പാടിലൂടെ സുവിശേഷ വേലയ്ക്കു വേണ്ടി ചെയ്തത് ചിന്തിച്ചുകൊള്ളട്ടെ. അനേകർ, പ്രത്യേകിച്ച് ചെറുപ്പക്കാർ ഈ ലേഖനം വായിക്കുകയും കേൾക്കുകയും ചെയ്യുന്നവർ തങ്ങളുടെ വിലപ്പെട്ട ജീവിതത്തിലൂടെ പ്രയോജനമുള്ളത് കേൾക്കുകയും ചെയ്യുന്നവർ തങ്ങളുടെ വിലപ്പെട്ട ജീവിതത്തിലൂടെ പ്രയോജനമുള്ളത് ചെയ്യുവാൻ തങ്ങൾ തീരുമാനിക്കട്ടെ. നീ എഴുന്നേറ്റ് പട്ടണത്തിൽ ചെല്ലുക, “നീ ചെയ്യേണ്ടത് അവിടെ വച്ച് ഞാൻ നിന്നോട് പറയും എന്ന് അവൻ പറഞ്ഞു” (അ.പ്ര. 9:6). ❖

ക്രിസ്തു നമ്മുടെ ജീവനും നമ്മുടെ മാതൃകയും

By Adolph Saphir (1831 - 1891)

ക്രിസ്തുവിനോടുകൂടെ മരിച്ചു ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റ ഒരുവനു മാത്രമേ ജീവിതത്തിൽ രക്ഷകനെ പിൻപറ്റുവാൻ കഴിയുകയുള്ളൂ. പുതുക്കം പ്രാപിക്കാത്ത പ്രാകൃത മനുഷ്യന് യേശുവിനെ പിൻപറ്റുവാൻ കഴിയുന്നതല്ല. എന്നാൽ രക്ഷകന്റെ കൃപയെ നാം അറിയുമ്പോൾ, അവിടുത്തെ പുനരുദ്ധാനത്തിൽ നിന്നുള്ള ശക്തിയെ നാം അറിയുമ്പോൾ അവിടത്തെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങളെ നാം അറിയുമ്പോൾ അവിടുത്തെ മക്കളായി ജീവിക്കുവാനും നടക്കുവാനും നമുക്ക് കഴിയുന്നു.

1. ഒന്നാമതായി, അവിടുന്ന് വന്നതിന്റെ ഉദ്ദേശം നാം അറിയണം. അവിടുന്ന് അയയ്ക്കപ്പെട്ടു.

യേശു തന്റെ ഇഷ്ടം ചെയ്യുവാനല്ല വന്നത് എന്ന് അവിടുത്തേയ്ക്ക് നന്നായി അറിയാം, തന്നെ അയച്ച പിതാവിന്റെ ഇഷ്ടം ചെയ്യുവാനത്രേ അവിടുന്ന് വന്നത്. അവിടുന്ന് വ്യക്തമായും ശക്തമായും പഠിപ്പിക്കുന്നത്, അവിടുത്തേയ്ക്ക് ഒരു ലക്ഷ്യമേ ഉള്ളൂ. ഏറ്റെടുത്തതും പരമവുമായ ദൗത്യം ന്യായപ്രമാണങ്ങളും ചട്ടങ്ങളും നിവർത്തിക്കുക. അത് തന്റെ പിതാവിന്റെ ഇഷ്ടമാണ്. അങ്ങനെയാണ് അവിടുന്ന് ദൈവത്തിന്റെ ദാസൻ ആകുന്നത്. പിതാവിന്റെ പ്രതിനിധിയാകുന്നത്. ഇപ്പോൾ നാം ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവരാണ്; നാമും നമുക്കുള്ളതെല്ലാം നമ്മടെ വാക്കുകളും പ്രവൃത്തിയും എല്ലാം ആ ദൗത്യത്തിന്റെ വെളിച്ചത്തിലാണ്.

2.യേശു താഴ്ചയിലേക്ക് വന്നു. ബത്ലഹേമിലെ പുൽക്കടിനും നസറേത്തിലെ താഴ്ചയുള്ള വീടിനുമിടയിൽ, ക്രൂശിലെ മരണത്തിലും അതിക്രമക്കാരോടുകൂടെ എണ്ണപ്പെട്ടപ്പോഴും മറ്റൊന്നും അവനിൽ നാം കണ്ടില്ല, പിന്നെ യോ താഴ്മയും, ദാരിദ്ര്യവും താഴ്ചയും മാത്രമാണ്. " കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവകൾക്ക് കൂടും ഉണ്ട്; മനുഷ്യപുത്രനോ തലചായ്പാൻ സ്ഥലമില്ല" എന്ന് പറഞ്ഞു .

എന്താണ് ഇതിൽ നിന്നും നാം പഠിക്കുന്ത് ഗുരുവിനെ നമുക്കു പിൻ തുടരണ്ടേ? നാം ദരിദ്രന്മാർ അല്ലായിരിക്കാം എന്നാൽ നാം ദാരിദ്ര്യത്തെ സ്നേഹിക്കേണ്ടവരാണ്. ലോകത്തിന്റെ സമ്പത്തിലും ബഹുമാനത്തിലും നാം ആശ്രയിക്കേണ്ടവരല്ല. ലോകത്തിന്റെ ഇമ്പങ്ങളിൽ മുഴുകേണ്ടവരും അല്ല. നമ്മുടെ ശക്തിയും സ്വാധീനവും ആത്മികമാണെന്ന് ഓർക്കണം. സത്യവിശ്വാസിയുടെ വസ്ത്രം കൂലിക്കാരന്റേതാണ്, ഒരു അപരിചിതനായ തീർത്ഥാടകന്റേതാണ് സഭ. ലോകത്തിൽ സമ്പന്നവും ശക്തിയുള്ളതും ആകുമ്പോൾ ലോകത്തിൽ ആധിപത്യങ്ങളും സ്വാധീനങ്ങളും ഉണ്ടാകുമ്പോൾ ഉപ്പ് കാരമില്ലാത്തതായിത്തീരുന്നു. ആത്മിക കാര്യങ്ങൾ ലോകത്തിന്റെ ചെൽപടിയിലാകുന്നു. ക്രൂശിന്റെ മർമ്മം മറക്കപ്പെടുകയോ വെറുക്കപ്പെടുകയോ ചെയ്യുന്നു. സ്മുർന്ന ദരിദ്രയും ഉപദ്രവിക്കപ്പെടുന്നവളും ആണ്, അവളിലൂടെ ക്രിസ്തുവിന്റെ ദാരിദ്ര്യത്തിലൂടെ അനേകർ സമ്പന്നരാകുന്നു. സഭയുടെ മഹത്വം ആന്തരികമാണ്. രാജാവിന്റെ പുത്രി, ക്രിസ്തുവിന്റെ മണവാട്ടി എല്ലാ നിലയിലും മഹത്വമണിഞ്ഞവൾ.

3. യേശു ദൈവപുത്രനായിരുന്നു. അവിടുന്ന് ഉയരത്തിൽ നിന്നു വന്നു. അവിടുന്ന് ദരിദ്രനായിരുന്നു. എന്നാൽ എല്ലാം അവിടുത്തെ വകയാണ്. അവിടുന്ന് താഴ്മ അനുഭവിച്ചു. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും അവന് നൽകപ്പെട്ടു, അവിടുന്ന് പിതാവിന് ഏക ജാതനാണ്. പിതാവ് എപ്പോഴും അവിടുത്തോടു കൂടെയുണ്ടായിരുന്നു, അവിടുത്തെ ശബ്ദം എപ്പോഴും കേട്ടിരുന്നു. അങ്ങനെ സഭ ദൈവത്തിൽ നിന്നും ജനിച്ചു, ഊനമില്ലത്ത സന്തതി. സഭയുടെ ജീവൻ മറ്റൊന്നിലുമല്ല, ക്രിസ്തുവിലാണ്. ഉയിർത്തെഴുന്നേറ്റ നേതാവ്. ജീവന്റെ ആത്മാവ് അതിന്റെ ഉള്ളിൽ വസിക്കുന്നു. പഴയ മനുഷ്യനെ ക്രൂശിക്കയും മരണത്തിനേല്പിക്കയും ചെയ്യുമ്പോൾ ലഭിക്കുന്ന ജീവൻ, അതിന്റെ സ്വാധീനവും ശക്തിയും നാം ലോകത്തിൽ പ്രയോഗിക്കുന്നു. ലോകത്തിന്റെ മോഹങ്ങളാകുന്ന പാപത്തിൽ നിന്നും രക്ഷിക്കപ്പെട്ട നാം അതിൽ പങ്കാളികളാകുന്നു. സഭ എല്ലാ കർത്തൃ ദിവസത്തിലും പ്രഘോഷിക്കുന്നത്, ക്രിസ്തുവിന്റെ പുനരുത്ഥാന ദിവസം തന്റെ ജന്മദിനമാണ്. തന്റെ ജീവന്റെയും പ്രത്യാശയുടെയും ഉറവിടം, അങ്ങനെ ഒന്നാമത്തെ ആദാമിന്റെയും അവന്റെ സന്തതിയുടെയും ന്യായവിധി സംബന്ധിച്ച നിസാഹയ അവസ്ഥയും മരിച്ചവരിൽ നിന്ന് ആദ്യജാതനും പിതാവായ ദൈവത്തിന്റെ ഏക ജാതനും നിത്യജീവന്റെ ദാതാവും വിശ്വാസികൾക്കും വേണ്ടി വീണ്ടും വരുന്നവനുമായ യേശുവിനെ പ്രസംഗിക്കയും ചെയ്യുന്നു.

4. ഈ താഴ്ചയിലും ഈ ദൈവശക്തിയിലും ഭൂമിയുടെ അറ്റത്തോളം പോകുവാൻ സഭ ശക്തീകരിക്കപ്പെടുന്നു. എല്ലാ നഷ്പ്പെട്ടവരോടും നിരാശയിലായിരിക്കുന്നവരോടും ക്രിസ്തുവിലുള്ള സ്നേഹത്തിലും കനിവിലും ഉപദേശിക്കയും ദു:ഖത്തിലും മരണഭീതിയിലും ആയിരിക്കുന്നവരോട് സമാധാനം ഘോഷിക്കയും ഭാരത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കയും തകർന്ന ഹൃദയമുള്ളവരെ ബലപ്പെടപ്പെടുത്തുകയും പാപക്ഷമയും ജീവന്റെ പുതുക്കവും മുറിവേറ്റവർക്കും തകർന്നവർക്കും ആശ്വാസവും സന്തോഷവും ഉപദേശിക്കയും ചെയ്യുന്നു. എല്ലാവരേയും സ്നേഹിക്കയും എല്ലവർക്കും വേണ്ടി മദ്ധ്യസ്ഥത അണയ്ക്കയും ചെയ്യുന്നു. തന്റെ ഗുരുവിനെപ്പോലെ പ്രത്യേക സ്നേഹത്താലും ദയയുള്ള ഹൃദയത്താലും നിറഞ്ഞിരിക്കുന്നു. ലോകത്തുള്ള സഹോദരവർഗ്ഗത്തെയും ആടുകളെയും ആത്മാക്കളുടെ ഇടയന്മാരെയും സ്നേഹിക്കുന്നു. പിതാവ് നൽകിയ ശിഷ്യഗണത്തിനും, എന്നാൽ പരിചയമില്ലാത്തവർക്കു വേണ്ടിയും ക്ഷീണിച്ചും പരീക്ഷിക്കപ്പെട്ടും ഇരിക്കുന്നവർക്കു വേണ്ടിയും തനിച്ചും നിരാശപ്പെട്ടും ഇരിക്കുന്നവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നു. നന്ദി പറകയും ചെയ്യുന്നു. ദൈവം നൽകിയ നന്മകളിൽ സന്തോഷിപ്പാനും നല്ല ബന്ധങ്ങളെ കെട്ടിപ്പടുക്കുവാനും സഭ തയ്യാറാവുന്നു.

സഭ ക്രിസ്തുവിനെപ്പോലെയാണ്. ഉയരത്തിൽ നിന്നും വന്നു, ഒരേ ലക്ഷ്യം ഒരേ താല്പര്യം, താഴ്മയിലും ദൈവശക്തിയിലും സ്നേഹത്തിലും ശുശ്രൂഷയിലും. "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു". (യോഹ. 14:9). അതുകൊണ്ട് നമ്മെക്കുറിച്ചും പറയണം, സഭയെ കണ്ടവൻ ക്രിസ്തുവിനെ കണ്ടിരിക്കുന്നു എന്ന്. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975